KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
Dated 16/04/ 2018

# ഒന്നര കിലോ കഞ്ചാവുമായി സ്ത്രീ അറസ്റ്റിൽ

## പിടിയിലായത് മുൻ കഞ്ചാവുകേസിലെ പ്രതി.


രാഗിലത (32)

കൊല്ലം:- കൊല്ലം ജില്ലയിലെ കോളേജ് വിദ്യർത്ഥികൾക്കും നിർമാണ മത്സ്യ ബന്ധന തൊഴിലാളികൾക്കും വ്യാപകമായ രീതിയിൽ കഞ്ചാവു വിൽപന നടത്തുന്ന സംഘത്തിലെ ഒരു സ്ത്രീയെ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ ശ്രീനിവാസ് ഐപിഎസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ഷാഡോ പോലീസ് സംഘം അറസ്റ്റ് ചെയ്തു. കൊല്ലം ശക്തികുളങ്ങര സരള ഭവനിൽ രാഗിലത(32) ആണ് പോലീസ് പിടിയിലായത്. ഇവർ രണ്ടു മാസം മുന്പ് 5 കിലോ കഞ്ചാവുമായി കരുനാഗപ്പള്ളി എക്സൈസ് സംഘത്തിന്റെ പിടിയിലായിരുന്നു, തുടർന്ന് കഴിഞ്ഞ മാസം ജയിൽ മോചിതയായ ഇവർ വീണ്ടും ഈ തൊഴില് തുടരുകയായിരുന്നു.

തമിഴ്നാട്ടിൽ നിന്നും ട്രെയിൻ മാർഗം 5 വയസ്സുള്ള മകനുമായി യാത്ര ചെയ്യുന്ന ഈ യാത്രിക്കടയിലാണ് കഞ്ചാവ് കടത്തുന്നത്. തുടർന്ന് ഫോണിലൂടെ അവശ്യപെടുന്നവർക്ക് സന്ധ്യ സമയത്ത് എത്തിച്ച് കൊടുക്കുന്നതാണ് ഇവരുടെ രീതി . ഇവരെക്കുറിച്ച് നാട്ടുകാർക്കോ പരിസരവാസികൾക്കൊ യാതൊരു സംശയവും തോന്നാത്ത രീതിയിലാണ് ഇവർ താമസിച്ചിരുന്നതും, കച്ചവടം നടത്തിയിരുന്നതും. ജയിൽ മോചിതയായ ഇവർ ഷാഡോ പോലീസിന്റെ നിരീക്ഷണത്തിലായിരുന്നു. ഇവരുടെ ഭർത്താവ് എഴുകോണ് സ്വദേശിയായ സ്റ്റീഫൻ കഞ്ചാവു കേസിൽ ജയിൽ ശിക്ഷ അനുഭവിച്ചു വരികയാണ്. ജില്ലയിൽ മയക്കു മരുന്ന് വിരുദ്ധ സംഘമായ ഡാൻസാഫ് രൂപീകരിച്ച ശേഷം ഈ മാസം നടത്തുന്ന മൂന്നാമത്തെ വലിയ കഞ്ചാവു വേട്ടയാണിത്.

കൊല്ലം ഈസ്റ്റ് സിഐ മഞ്ചു ലാൽ, വനിതാ എസ്ഐ അനിത കുമാരി, ഈസ്റ്റ് എസ്ഐ അബ്ദുൾ റഹ്മാൻ, ഷാഡോ എസ്ഐ വിപിൻ കുമാർ, എസ്സിപിഒ ശ്രീനിവാസന്, ഷാഡോ പോലീസുകാരായ ഹരിലാല്, സജു ,സീനു ,മനു എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

. .